കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭകളിലെ പ്രവൃത്തികളുടെ രൂപകൽപ്പനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം: 421/13/തസ്വഭവ　　　　തിരുവനന്തപുരം, തീയതി: 15/02/2013.

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.11.2011-ലെ ഡി.ബി.4/8877/2011/സി.ഇ/തസ്വഭവ നമ്പർ കത്ത്

2. 04.07.2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.2 നമ്പർ തീരുമാനം.

## ഉത്തരവ്

11.11.1974-ലെ ജി.ഒ.(ആർ.റ്റി)1304/74/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരം 3.5% തുക ആർക്കിടെക്ചറൽ ഡ്രായിംഗ്, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളതിനാൽ അതിന്റെ $^2/_3$ ഭാഗമായ 2.33%-ൽ കുറവായ തുക തദ്ദേശ സ്വയംഭരണ വകുപ്പിൽ നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം ഒന്ന് പ്രകാരം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ നഗരസഭകളിലെ പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകൽപനയും (ആർക്കിടെക്ചറൽ-സ്ട്രക്ചറൽ ഡിസൈനും കരട് പ്ളാനും) വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ അതിന് കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് നിലവിലെ നിയമപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കായ 3.5%ന്റെ $^2/_3$ ഭാഗമായ 2.33%-ൽ പരിമിതപ്പെടുത്തി നൽകുന്നതിന് നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.

(....2)